# INDIAN SCHOOL AL WADI AL KABIR

**MALAYALAM**

**Class : VII** **( II Language )**

# അറബിക്കഥ

---

## പുതിയ പദങ്ങൾ

ബാഗ്ദാദ്

ദരിദ്രൻ

ദയാലു

ഉപജീവനം

അന്ധ

നാലംഗങ്ങൾ

ഉരഗം

മാണിക്യം

സുഭിക്ഷം

ഐശ്വര്യം

ദിവ്യരത്നം

ഉപായം

സ്നേഹമയി

നിഷ്ക്കളങ്ക

പോക്കാച്ചിത്തവള

കടലിനക്കരെ

അരമന

വ്യസനം

രാജധാനി

പാറാവുകാരൻ

ചങ്ങാത്തം

അദ്ഭുതരത്നം

സൈനികർ

കബളിപ്പിച്ചു

## അർത്ഥം

ഉപജീവനം = ജീവിതമാർഗം

അലിവ് = ദയ

ഉപായം = മാർഗം

ഉരഗം = പാമ്പ്

അടിവാരം = താഴ് വര

പിതാവ് = അച്ഛൻ

സുഭിക്ഷം = സമൃദ്ധം

പാറാവുകാരൻ = കാവൽക്കാരൻ

വ്യസനം = സങ്കടം

ചങ്ങാത്തം = കൂട്ടുകെട്ട്

കബളിപ്പിക്കുക = പറ്റിക്കുക

അമൂല്യം = വിലമതിക്കാനാവാത്ത

## പര്യായപദങ്ങൾ

പൂച്ച = മാർജ്ജാരം , ബിഡിലം

പട്ടി = ശ്വാനൻ , ശുനകൻ

പാമ്പ് = നാഗം , ഉരഗം

ഭാര്യ = പത്നി , കാന്ത

കടൽ = ആഴി , സമുദ്രം

എലി = മൂഷികൻ , ആഖു

## വിപരീതപദങ്ങൾ

ദരിദ്രൻ x ധനികൻ

വിശ്വാസം x അവിശ്വാസം

രഹസ്യം x പരസ്യം

രക്ഷിക്കുക x ശിക്ഷിക്കുക

ഫലം x നിഷ്ഫലം

ആഗ്രഹം x ദുരാഗ്രഹം

## എതിർലിംഗ പദങ്ങൾ

ദരിദ്രൻ x ദരിദ്ര

അന്ധ x അന്ധൻ

മാതാവ് x പിതാവ്

മകൾ x മകൻ

തോഴൻ x തോഴി

ഭാര്യ x ഭർത്താവ്

## **ചേർത്തെഴുതുക**

അന്ധ + ആയ = അന്ധയായ

മാതാവിനോട് + ഒപ്പം = മാതാവിനോടൊപ്പം

വളരെ + പണ്ട് = വളരെപ്പണ്ട്

നാല് + അംഗങ്ങൾ = നാലംഗങ്ങൾ

വീട്ടിൽ + എത്തി = വീട്ടിലെത്തി

ദയാലു + ആയ = ദയാലുവായ

## **പിരിച്ചെഴുതുക**

ഞെട്ടിയെങ്കിലും = ഞെട്ടി + എങ്കിലും

കടലിനക്കരെ = കടലിന് + അക്കരെ

നിമിഷങ്ങൾക്കകം = നിമിഷങ്ങൾക്ക് + അകം

അവരെല്ലാവരും = അവർ + എല്ലാവരും

സുഖമായി = സുഖം + ആയി

നാവിനടിയിൽ = നാവിന് + അടിയിൽ

## ചോദ്യോത്തരങ്ങൾ

**1)** ഉമ്മർ എങ്ങനെയാണ് ഉപജീവനം നടത്തിയിരുന്നത് **?**

കാട്ടിൽ പോയി വിറക് ശേഖരിച്ച് അത് വിറ്റാണ് ഉമ്മർ ഉപജീവനം നടത്തിയിരുന്നത്.

**2)** കാട്ടിലേക്ക് പുറപ്പെടാൻ തുടങ്ങിയ ഉമ്മറിനോട് ഉരഗം എന്താണ് പറഞ്ഞത് **?**

" എന്നെക്കൂടി കൊണ്ടുപോകൂ . നിങ്ങൾക്ക് എന്തെങ്കിലും ഗുണമുണ്ടാകും." എന്നാണ് ഉരഗം ഉമ്മറിനോട് പറഞ്ഞത് .

**3)** പിതാവിനോട് എന്ത് സമ്മാനം ആവശ്യപ്പെടാനാണ് ഉരഗം ഉമ്മറിനോട് പറഞ്ഞത് **?**

സർപ്പരാജാവായ പിതാവിന്റെ നാവിനടിയിലെ മാണിക്യം സമ്മാനമായി ആവശ്യപ്പെടാനാണ് ഉരഗം ഉമ്മറിനോട് പറഞ്ഞത് .

**4)** സർപ്പരാജാവ് നൽകിയ മാണിക്യത്തിനുള്ള പ്രത്യേകതയെന്ത് **?**

സർപ്പരാജാവ് നൽകിയ മാണിക്യം നാവിനടിയിൽ വച്ച് എന്ത് ആഗ്രഹിച്ചാലും അത് ഉടനെ സാധിക്കും .

**5)** മാണിക്യം ലഭിച്ച ഉമ്മറിനുണ്ടായ മാറ്റമെന്ത് **?**

മാണിക്യം ലഭിച്ച ഉമ്മറിന് നല്ലൊരു വീടും, സുഭിക്ഷമായ ഭക്ഷണവും ലഭിച്ചു . ഉമ്മറിന്റെ അന്ധയായ ഉമ്മയ്ക്ക് കാഴ്ചയും ലഭിച്ചു .

**6)** ആർക്കാണ് സുബൈദയോട് അസൂയ തോന്നിയത് **?**

സുബൈദയുടെ തോഴിയായ ഗയാനിക്കാണ് സുബൈദയോട് അസൂയ തോന്നിയത് .

**7)** സുബൈദ ഗയാനിക്ക് മാണിക്യം കാണിച്ചു കൊടുത്തപ്പോൾ എന്താണ് സംഭവിച്ചത് **?**

ഗയാനി  സൂത്രത്തിൽ ആ മാണിക്യം തട്ടിയെടുത്തിട്ട് സുബൈദയെ ഒരു പോക്കാച്ചിത്തവളയാക്കി മാറ്റി . അതിനു ശേഷം  ഗയാനി കൊട്ടാരത്തോടെ കടലിനക്കരെ എത്തി .